# MALANKARA ARCHDIOCESE

of the Syrian Orthodox Church in North America

*(Under the Holy Apostolic Throne of Antioch and All the East)*

**Archbishop Mor Titus Yeldho**
Patriarchal Vicar


**ദൈവ കൃപയാൽ**

No.54/09 October 22, 2009

നമുക്കേറ്റവും സ്നേഹിക്കപ്പെട്ടിരിക്കുന്ന ഒഹായിയോയിലെ ക്ലീവ്‌ലൻറിലും പരിസരപ്രദേശങ്ങളിലുമുള്ള സുറിയാനി സഭാവിശ്വാസികളായ ജനങ്ങൾക്ക് കർത്താവിൽ വാഴ്വും സമാധാനവും,

**കർത്താവിൽ പ്രിയരെ,**

നിങ്ങളെല്ലാവരുടേയും ക്ഷേമം അന്വേഷിച്ച ശേഷം അറിയിക്കുന്നത്;

ഒഹായിയോയിലെ ക്ലീവ്‌ലൻറിലും പരിസരപ്രദേശങ്ങളിലുമുള്ള സുറിയാനി സഭാംഗങ്ങളെ സംയോജിപ്പിച്ചുകൊണ്ട് അവരുടെ ആത്മീയ ആവശ്യങ്ങൾ നിർവഹിക്കുന്നതിനായി വിശുദ്ധ കുർബ്ബാനയും മറ്റ് ആരാധനകളും ക്രമീകരിക്കുവാൻ നാം ശ്രമിച്ചുവരികയാണ്. നമ്മുടെ ക്ലീവ്‌ലൻറിലെ കോൺഗ്രിഗേഷന് പരിശുദ്ധനായ യൽദോ മോർ ബസ്സേലിയോസ് ബാവായുടെ നാമം സർവശക്തനായ ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് നാം നൽകുന്നു.

ബഹു: റോയി അച്ചൻ ഈ സമയത്ത് അവിടെ സന്ദർശനത്തിലുള്ളതിനാൽ സൗകര്യം അനുസരിച്ച് അവിടെ വി:കുർബ്ബാന ചൊല്ലുവാൻ ബഹുമാനപ്പെട്ട അച്ചനെ നാം ചുമതലപ്പെടുത്തുന്നു. ഇക്കാര്യം ബഹു: അച്ചൻ വിശുദ്ധ സഭയോടും സഭാതലവനായ പരി: പാത്രിയർക്കീസ് ബാവയോടും ബലഹീനനായ നമ്മോടും ഉള്ള വിധേയത്വത്തിലും അനുസരണത്തിലും നിർവഹിച്ചു കൊള്ളണമെന്ന് പൈതൃകമായി നാം ഉദ്ബോധിപ്പിക്കുന്നു.

ആയത് ദൈവമാതാവായ വി: കന്യക മറിയാം അമ്മയുടേയും സകല പരിശുദ്ധന്മാരുടേയും ശുദ്ധിമതികളുടേയും പ്രത്യേകാൽ മലങ്കരയുടെ കാവൽപിതാവായ പരിശുദ്ധനായ മാർ തോമാ ശ്ലീഹായുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവെ ............

**+ യൽദോ മോർ തീത്തോസ് മെത്രാപ്പോലീത്ത**


10 Stonehurst Court, Pomona, NY 10970 • Tel. (845) 364-6003 • Fax: (562) 309-6003
www.malankara.com • E-mail: Archbishop@Malankara.com